# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2384** **18.2.2016 - ലെ മറുപടിക്ക്**

## സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2011 മെയ് മാസത്തിനുശേഷം സംസ്ഥാനത്ത് ആരംഭിച്ച മെഡിക്കൽ കോളേജുകൾക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചുവോ; എങ്കിൽ പ്രസ്തുത അനുമതി പത്രത്തിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) 2011 മെയ് മാസത്തിനുശേഷം സംസ്ഥാനത്ത് ആരംഭിച്ച മഞ്ചേരി, ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകൾക്കും പട്ടിക ജാതി വകുപ്പിന്റെ കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജിനും സർക്കാർ ഏറ്റെടുത്ത എറണാകുളം മെഡിക്കൽ കോളേജിനും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത അനുമതി പത്രത്തിന്റെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. പാലക്കാട്ടെ പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജിന്റെ അനുമതി പത്രം ആരോഗ്യ വകുപ്പിൽ ലഭ്യമല്ല. |
| (ബി) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജിൽ ഓരോന്നിലും ഏതെല്ലാം വിഷയത്തിൽ പി.ജി. കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്; ഓരോ വിഷയത്തിലും പി.ജി. കോഴ്സുകൾക്ക് എത്ര സീറ്റുകൾ വീതം അനുവദിച്ചിട്ടുണ്ട്; | (ബി) പുതുതായി ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളിൽ എറണാകുളം മെഡിക്കൽ കോളേജിൽ മാത്രമേ മെഡിക്കൽ പി.ജി. കോഴ്സ് നടത്തുന്നുള്ളൂ. പ്രസ്തുത കോളേജിന് അനുവദിച്ചിട്ടുള്ള പി.ജി. കോഴ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

എം.ഡി. ജനറൽ മെഡിസിൻ - 3 സീറ്റ്
എം.ഡി. പീഡിയാട്രിക്സ് - 2 സീറ്റ്
എം.ഡി.സൈക്യാട്രി - 2 സീറ്റ്
എം.ഡി. മൈക്രോബയോളജി - 2 സീറ്റ്
എം.ഡി. പത്തോളജി - 2 സീറ്റ്

-------------

ആകെ- 11 സീറ്റ്.

(സി) പുതുതായി സർക്കാർ മേഖലയിൽ അനുവദിച്ച മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും ഏതെല്ലാം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അവ എത്രയാണ്; ഏതെല്ലാം തസ്തികകളിലാണ് ഇപ്പോൾ ഒഴിവുള്ളത്; വിശദമാക്കുമോ?

(സി) പുതുതായി അനുവദിച്ച സർക്കാർ മെഡിക്കൽ കോളേജികളിൽ ഓരോന്നിലും സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധം 2-ആയി ചേർത്തിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ പ്രൊഫസറുടെ 2 ഒഴിവുകളും, അസോസിയേറ്റ് പ്രൊഫസറുടെ 4 ഒഴിവുകളും അസിസ്റ്റന്റ് പ്രൊഫസറുടെ 49 ഒഴിവുകളും ലക്ചറർമാരുടെ 44 ഒഴിവുകളും നിലവിലുണ്ട്. പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള പാലക്കാട്ടെ മെഡിക്കൽ കോളേജിൽ അനുവദിച്ച തസ്തികകൾ സംബന്ധിച്ചുള്ള വിവരം ആരോഗ്യ വകുപ്പിൽ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്